കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്
(ഹാജർ : PRAKASH.B.S)

| | |
|---|---|
| വിഷയം:- | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പ് - ഡ്യൂട്ടി ലീവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | കമ്മീഷന്റെ 14.11.2025 ലെ 74/2025/സം.തി.ക നമ്പർ മുതൽ 77/2025/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ. |

**ഉത്തരവ് നം. B2/132/2025-SEC-Part(3)** തീയതി: **28-11-2025**

**ഉത്തരവ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 48 എ വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 104 എ വകുപ്പും പ്രകാരം ഒരു പൊതുതിരഞ്ഞെടുപ്പോ ഉപതിരഞ്ഞെടുപ്പോ നടത്തുന്നതിനായി നിയമിക്കുന്ന വരണാധികാരിയും ഉപവരണാധികാരിയും പോളിംഗ് ഉദ്യോഗസ്ഥന്മാരും മറ്റ് ഉദ്യോഗസ്ഥരും ഇതിലേയ്ക്ക് നിയമിക്കുന്ന പോലീസ് ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പ് നിരീക്ഷകരും തിരഞ്ഞെടുപ്പ് വിജ്ഞാപന തീയതി മുതൽ ഫലപ്രഖ്യാപന തീയതി അവസാനിക്കുന്നത് വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിലായിരിക്കുന്നതാണെന്നും അങ്ങനെയുള്ള ഉദ്യോഗസ്ഥർ ആ കാലയളവിൽ കമ്മീഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും അനുശാസനത്തിനും വിധേയമായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ വിവിധ സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയോഗിച്ചു വരുന്നുണ്ട്.

ഒരു പൊതുതിരഞ്ഞെടുപ്പിനോ ഉപതിരഞ്ഞെടുപ്പിനോ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി കാലയളവ് തിരഞ്ഞെടുപ്പിന്റെ തലേ ദിവസം (പോളിംഗ് സാധനങ്ങളുടെ വിതരണദിവസം) രാവിലെ മുതൽ, പോളിംഗ് ദിവസം പോളിംഗ് സാധനങ്ങൾ സ്വീകരണ കേന്ദ്രത്തിൽ തിരികെ ഏൽപ്പിക്കുന്നത് വരെയാണ്. ഇത് മിക്കവാറും പോളിംഗ് ദിവസം രാത്രി ഏറെ വൈകുന്നത് വരെയോ അല്ലെങ്കിൽ പിറ്റെ ദിവസം രാവിലെ വരെയോ നീണ്ടുപോകാറുള്ളതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ, പോളിംഗ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി തുടർച്ചയായി 48 മണിക്കൂറോ അതിലധികമോ വരുന്നുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിനോ ഉപതിരഞ്ഞെടുപ്പിനോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ

അന്യത്രസേവനവ്യവസ്ഥിയിലുള്ള പോളിംഗ് ഉദ്യോഗസ്ഥർക്ക് പോളിംഗ് ദിവസത്തിന്റെ തൊട്ടടുത്ത ദിവസം പ്രവൃത്തി ദിവസമാണെങ്കിൽ ആ ദിവസം കൂടി ഡ്യൂട്ടി ലീവ് അനുവദിച്ച് നൽകണമെന്ന് കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ബന്ധപ്പെട്ട വകുപ്പ്/ഓഫീസ് മേധാവികളോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

Signed by
Prakash B S
Date: 28-11-2025 15:56:14
PRAKASH.B.S
SECRETARY

ചീഫ് സെക്രട്ടറി, കേരളം

എല്ലാ വകുപ്പ് / ഓഫീസ് മേധാവികൾക്കും

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

പകർപ്പ് :

എല്ലാ നോഡൽ ഓഫീസർമാർക്കും സെക്ഷനുകൾക്കും

ലോ ഓഫീസർ

പി.ആർ.ഒ സം.തി.ക

സ്റ്റാന്റിംഗ് കൗൺസിൽ

ഐ.ടി സെൽ

കമ്മീഷണറുടെ പി.എസ്/ സെക്രട്ടറിയുടെ സി.എ

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in